**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കൊച്ചി കോർപ്പറേഷനിൽ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ ദീപൻ വി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.നം. 734/2014 കേസിലെ 13.06.2017 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 3186/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 18.12.2018

---

പരാമർശം :

1. 03.03.14 തീയതിയിലെ സ.ഉ(സാധാ)നം.618/2014/തസ്വഭവ ഉത്തരവ്
2. കൊച്ചി കോർപ്പറേഷനിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ആയി ജോലി നോക്കുന്ന ശ്രീ ദീപൻ വി സർക്കാരിൽ സമർപ്പിച്ച 25.06.12 തീയതിയിലെ അപേക്ഷ.(അനക്ഷർ എ 12)
3. ശ്രീ ദീപൻ വി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 734/2014 കേസിലെ 13.06.2017 തീയതിയിലെ വിധിന്യായം.
4. നഗരകാര്യഡയറക്ടറുടെ 27.10.2017 തീയതിയിലെ ഇ 4 31988/16 നമ്പർ കത്ത്.

## ഉത്തരവ്

മുനിസിപ്പൽ കോമൺ സർവീസിൽ കൊച്ചി കോർപ്പറേഷനിൽ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ദീപൻ.വി പഠനാവശ്യത്തിനായി എടുത്ത 01.11.2004 മുതൽ 14.07.2006 വരെയുള്ള അവധിക്കാലയളവ് പരാമർശം 1 ഉത്തരവ് പ്രകാരം കെ.എസ്.ആർ ഭാഗം 1 അപ്പെൻഡിക്സ് XII ബി പ്രകാരമുള്ള പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധിയായി ക്രമീകരിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരേ ശ്രീ.ദീപൻ.വി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ 734/2014 കേസിലെ പരാമർശം 3 ഉത്തരവ് പ്രകാരം, പരാമർശം 1 ഉത്തരവ് set aside ചെയ്യുകയും അപേക്ഷകന്റെ അവധി അപേക്ഷ (അനക്ഷർ എ 12) സർക്കാർ പുനപരിശോധിച്ച് അപേക്ഷകനെ നേരിൽ കേട്ട് 3 മാസത്തിനുള്ളിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം തദ്ദേശസ്വയം ഭരണ വകുപ്പ് അഡിഷണൽ സെക്രട്ടറി 24.10.2017 ന് ശ്രീ.ദീപൻ.വി-യെ നേരിൽ കേട്ടിരുന്നു. നേരിൽക്കേട്ട സമയത്തെ വാദങ്ങൾ പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിൽ സേവനത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് 09.05.1996 മുതൽ 20.08.1997 വരെയുള്ള കാലയളവിൽ ആരോഗ്യ വകുപ്പിൽ താൽക്കാലിക സേവനത്തിൽ തുടർന്നിരുന്നതായും അതിനുശേഷം ആരോഗ്യ വകുപ്പിൽ തന്നെ 27.07.1999 മുതൽ റഗുലർ സർവ്വീസിൽ പ്രവേശിക്കുകയും 01.09.1999 മുതൽ 31.03.2000 വരെ പഠനാർത്ഥം ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും 01.07.2000-ൽ സർവ്വീസിൽ തിരികെപ്രവേശിക്കുകയും അതിനു ശേഷം 17.03.2003-ലെ നഗരകാര്യവകുപ്പ ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ പി.എസ്.സി മുഖേന നിയമനം ലഭിച്ചതായും അറിയിച്ചിരുന്നു. അതിനുശേഷം എം.ജി യൂണിവേഴ്സിറ്റിയിൽ പൊതുജനാരോഗ്യത്തിൽ മാസ്റ്റർ ഡിഗ്രി എടുക്കുന്നതിനായി സ്പോൺസർസർഷിപ്പും അനുമതിയും നൽകുന്നതിന് നഗരസഭ തീരുമാനിക്കുകയും കോഴ്സ് ഫീസായ 80,000/- രൂപ നൽകുന്നതിനും അത് 24 ഗഡുക്കളായി തിരിച്ചുപിടിക്കുന്നതിനും നഗരസഭ തീരുമാനിച്ചിരുന്നു. എന്നാൽ, പ്രസ്തുത തുക കൈപ്പറ്റിയിരുന്നില്ലായെന്നും വകുപ്പിൽ നിന്നും വിടുതൽ ചെയ്യതതിന്റെ അടിസ്ഥാനത്തിൽ 10/2004-ൽ കോഴ്സിന് പ്രവേശിച്ച് 15.07.2006-ന് നഗരസഭയിൽ തിരികെ പ്രവേശിച്ചതായും പഠനകാലം ശമ്പളമുൾപ്പെടെയുള്ള അവധിയായി പരിഗണിക്കുന്നതിന് സന്നദ്ധമല്ല എന്ന് പിന്നീട് നഗരസഭ പ്രമേയം പാസാക്കിയതായും അറിയിക്കുകയുണ്ടായി. ഇക്കാര്യം സർക്കാരിന്റെ പരിഗണനയ്ക്ക് വരുകയും 01.11.2004 മുതൽ 14.07.2006 വരെയുള്ള അവധിക്കാലയളവ് കെ.എസ്.ആർ ഒന്നാംഭാഗത്തെ Appendix XII B പ്രകാരം ശൂന്യവേതനാവധിയായി അനുവദിച്ച് ക്രമീകരിച്ചിരുന്നു. കെ.എസ്.ആർ ഭാഗം 1 റൂൾ 91 പ്രകാരമുള്ള അവധി അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരം അപേക്ഷ സമർപ്പിച്ചതെന്നും തന്നെ നേരിൽ കേൾക്കാതെ കെ.എസ്.ആർ ഭാഗം 1-ലെ Appendix XII B പ്രകാരം പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധിയാണ് അനുവദിച്ചതെന്നും, അവധിയിൽ പ്രവേശിക്കുന്ന അവസരത്തിൽ തനിയ്ക്ക് ആരോഗ്യവകുപ്പിലെ 1 വർഷവും 3 മാസവും താൽക്കാലിക സർവ്വീസും 3 വർഷവും 7 മാസവും റഗുലർ സർവ്വീസും മുനിസിപ്പൽ കോമൺ സർവ്വീസിൽ 1 വർഷവും 7 മാസവും റഗുലർ സർവ്വീസുമുണ്ടായിരുന്നു. അപ്രകാരം 5 വർഷത്തിൽ കൂടുതൽ സർവ്വീസ് തനിയ്ക്ക് ഉണ്ടായിരുന്നതിനാൽ കെ.എസ്.ആർ ഒന്നാംഭാഗം റൂൾ 91 പ്രകാരമുള്ള അവധിയ്ക്ക് അർഹതയുണ്ട്. മാത്രമല്ല WP(C) 12299/05 എന്ന കേസിൽ ആരോഗ്യവകുപ്പിലെ തന്റെ സേവനകാലം ശമ്പളം നിർണ്ണയത്തിന് പരിഗണിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ അപ്രകാരം ഉത്തരവായിട്ടുണ്ടെന്നും അതിനാൽ തനിക്ക് റൂൾ 91 പ്രകാരം അർഹമായ അവധി അനുവദിക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം നഗരകാര്യ ഡയറക്ടറുടെ പരാമർശം 4 ലെ റിപ്പോർട്ട് പ്രകാരം വിശദമായി പരിശോധിച്ചു. അപേക്ഷകന് ചട്ടപ്രകാരം അനുവദനീയമായ അവധി അനുവദിക്കുകയും അവധിക്കാലയളവ് ക്രമപ്പെടുത്തി ഉത്തരവാകുകയും

ചെയ്തിട്ടുള്ളതാണ്. ശമ്പളത്തിനും ആനുകൂല്യങ്ങൾക്കും ഈ അവധിക്കാലയളവ് കണക്കാക്കണമെന്ന ആവശ്യം അംഗീകരിക്കുന്നതിനോ, കെ.എസ്.ആർ ഭാഗം 1 റൂൾ 91 പ്രകാരം അവധി അനുവദിക്കുന്നതിന് ആവശ്യമായ 5 വർഷം സർവ്വീസ് പൂർത്തീകരിച്ചിരുന്നതിനോ സർക്കാർ നേരത്തേയെടുത്ത തീരുമാനം പുന:പരിശോധിക്കുന്നതിനോ ഉതകുന്ന തരത്തിലുള്ള രേഖകൾ/വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. 03.03.2014 ലെ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. ദീപന്റെ അപേക്ഷ നിരസിച്ച കാരണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നതായും കാണുന്നു.

4. മുൻസിപ്പൽ കോമൺ സർവ്വീസ് സർക്കാർ സർവ്വീസായി കണക്കാക്കുവാൻ വ്യവസ്ഥയില്ല. അതിനാൽ സർക്കാർ സർവ്വീസിലെ സേവനകാലയളവ് മുൻസിപ്പൽ സർവ്വീസിലെ സേവനകാലയളവിനോട് ചേർത്ത് അവധി അനുവദിക്കുവാനുള്ള യോഗ്യതാ കാലമായി പരിഗണിക്കുവാനാകില്ല. WP (C) 12299/05 ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ആരോഗ്യവകുപ്പിലെ മുൻകാലസേവനം ശമ്പളനിർണ്ണയത്തിന് പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട 6.12.2006 തീയതിയിലെ ജി.ഒ,(ആർറ്റി) നം.3148/ തസ്വഭവ ഉത്തരവിന്റെ ആനുകൂല്യം മാത്രമാണ് ശ്രീ. ദീപന് അനുവദിക്കുവാൻ ഉത്തരവായിട്ടുള്ളത്. ആയതിനാൽ ശ്രീ. ദീപന്റെ തുടർച്ചയായ സേവനം ടിയാൻ മുൻസിപ്പൽ കോമൺ സർവ്വീസിൽ പ്രവേശിച്ച തീയതിയിൽ ആരംഭിച്ചതായി മാത്രമേ കണക്കാക്കുവാൻ കഴിയുകയുള്ളൂ. 17/03/2003 ലെ ഉത്തരവ് പ്രകാരം മുൻസിപ്പൽ കോമൺ സർവ്വീസിൽ പ്രവേശിച്ച ശ്രീ. ദീപന് 01/11/2004 മുതൽ 14/07/2006 വരെ കെ.എസ്.ആർ. ഭാഗം I, അനുബന്ധം XII-B പ്രകാരമുള്ള ശൂന്യവേതന അവധിക്ക് മാത്രമേ അർഹതയുള്ളൂ. മുൻസിപ്പൽ കോമൺ സർവ്വീസിൽ 01/11/2004 ൽ അഞ്ച് വർഷത്തെ തുടർച്ചയായ സേവനമില്ലാത്തതിനാൽ മേൽ കാലയളവ് കെ.എസ്.ആർ ഭാഗം 1 ചട്ടം 91-A പ്രകാരമുള്ള ശൂന്യവേതനാവധിയായി പുനഃക്രമീകരിക്കണമെന്ന ആവശ്യം പരിഗണിക്കുവാനാകില്ല. കൂടാതെ അനുബന്ധം എ-12 ലെ അവധി അപേക്ഷയിലെ കോളം നം 10 ൽ സ്റ്റഡി ലീവ്-എൽ.ഡബ്ല്യൂ.എ എന്ന് അപേക്ഷകൻ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ Appendix-XII-B പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതന അവധി അനുവദിച്ച സർക്കാർ, അവധി സ്വഭാവം മാറ്റിയിട്ടില്ല എന്ന് വ്യക്തമാണ്.

5. മേൽ സാഹചര്യത്തിൽ 01/11/2004 മുതൽ 14/07/2006 വരെയുള്ള അവധികാലയളവ് കെ.എസ്.ആർ ഭാഗം 1 ചട്ടം 91-A പ്രകാരമുള്ള ശൂന്യവേതനാവധിയായി പുനഃക്രമീകരിക്കണമെന്ന ശ്രീ ദീപൻ വി യുടെ ആവശ്യം നിരസിച്ചുകൊണ്ട് അനക്ഷർ എ 12 അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 3 ഉത്തരവിലെ നിർദ്ദേശം മേൽപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്.മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീ ദീപൻ വി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, കൊച്ചി കോർപ്പറേഷൻ

ധനകാര്യവകുപ്പ്( 18.12.2018 തീയതിയിലെ ഡെവ.- 1/ 330/ 2017- ഫിൻ-നമ്പർ കുറിപ്പ്)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ